പെൻഷനുകൾ എന്നിവയുടെ വിശദാംശങ്ങളടങ്ങിയ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ക്ഷീരകർഷകർക്ക് ക്ഷീരവികസന വകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നൽകുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ, പെൻഷനുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ക്ഷീരകർഷകർക്ക് ക്ഷീരവികസന വകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നൽകുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ, പെൻഷനുകൾ എന്നിവയുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) ക്ഷീരവികസന വകുപ്പ്, മിൽമയുടെ മേഖലാ യൂണിയനുകൾ, കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് എന്നിവ വഴി നൽകിവരുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം I, അനുബന്ധം II, അനുബന്ധം III എന്നീക്രമത്തിൽ ചേർത്തിരിക്കുന്നു.* മിൽമ 2014 ഫെബ്രുവരി മുതൽ 50 കിലോയുടെ കാലിത്തീറ്റ ചാക്ക് ഒന്നിന് 35 രൂപ നിരക്കിൽ ഡിസ്ക്കൗണ്ട് നൽകുന്നുണ്ട്.

ഡയറി മേഖലയിൽ 50% സബ്സിഡി

36 (7333) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരമേഖലയെ കാർഷിക മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(ബി) ക്ഷീരമേഖല കാർഷികമേഖലയുടെ ഭാഗമായതുകൊണ്ട് കാർഷിക മേഖലയിൽ പല പദ്ധതികൾക്കും 50% സബ്സിഡി ഉള്ളതുപോലെ ഡയറിമേഖലയിലും 50% സബ്സിഡി നൽകാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൃഷിയും അനുബന്ധ മേഖലകളും എന്നതിലെ അനുബന്ധ മേഖലകളിലൊന്നായാണ് ക്ഷീരമേഖലയെ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്ന മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി, ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള പദ്ധതി എന്നിവയിൽ ചില കമ്പോണന്റുകൾക്ക് 50% ധനസഹായം നൽകുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly